# മുജീബിന്റെ മറുപടി പച്ചക്കള്ളം

യൂസുഫ് ശരീഫ്

2008 മാർച്ച് 8ന് പ്രബോധനത്തിൽ വന്ന മുജീബിന്റെ മറുപടിയാണ് ഈ കുറിപ്പിനാധാരം. അഫ്നാൻ കവ്വായി, പയ്യന്നൂരിന്റെ ‘മതത്തിന്റെ ദൗത്യം: സലഫീ ഭാഷ്യം’ എന്ന തലക്കെട്ടിലുള്ള ചോദ്യത്തിന് ഉത്തരമായി പറഞ്ഞിരിക്കുന്നത്, വസ്തുതക്ക് നിരക്കാത്ത പച്ചക്കള്ളമാണ്. കഴിഞ്ഞ ചങ്ങരംകുളം സമ്മേളനത്തിൽ, ജമാഅത്തെ ഇസ്ലാമി ഇബാദത്തിന് നൽകിയ നിർവചനത്തിനെതിരിൽ മുജാഹിദ് പ്രസ്ഥാനം കണ്ണടച്ചുവെന്നാണ് മുജീബിന്റെ കണ്ടുപിടുത്തം. ആയത് ജമാഅത്തിന്റെ ഇബാദത്തിലുള്ള നിലപാടിനെ മുജാഹിദുകൾ അംഗീകരിച്ചൂ എന്നതിന്റെ തെളിവാണത്രെ. **മുജീബിന്റെ മറുപടി പ്രബോധനത്തിൽ നിന്നും** വായിക്കുക:

> ഖുർആനിലെ ഇബാദത്ത് എന്ന സംജ്ഞക്ക് സാങ്കേതികമായി ആരാധന എന്നു മാത്രമേ അർഥമുള്ളൂ എന്നും അനുസരണം, അടിമത്തം എന്നീ അർഥങ്ങൾകൂടി മൗദൂദിയും ജമാഅത്തെ ഇസ്ലാമിയും കൽപിച്ചു നൽകിയത് പരമാബദ്ധവുമാണെന്നുമായിരുന്നു ഒരു മുഖ്യവിമർശനം. അക്കാര്യം അവർ ധാരാളം എഴുതുകയും പ്രസംഗിക്കുകയും ചെയ്തുവന്നു. എട്ടു പതിറ്റാണ്ടോളം ജീവിച്ച ഒരു പ്രമുഖ സലഫീ പണ്ഡിതൻ ‘ഇബാദത്തി’ൽ മൗദൂദിയുടെ ‘പിഴവുകൾ’ മലയാളികളെ മാത്രമല്ല അറബികളെക്കൂടി ബോധവൽക്കരിക്കാൻ മിക്കവാറും ആയുഷ്കാലം മുഴുവൻ വിനിയോഗിച്ചു. അതിനായി ഒരു മാസിക തന്നെ നടത്തി. ധാരാളം ലഘുലേഖകൾ ഇറക്കി. അനുയായികൾ മിമ്പറുകളിലടക്കം അതേറ്റു പറഞ്ഞു. ജമാഅത്തെ ഇസ്ലാമിയിലെ പണ്ഡിതന്മാർ ഇബാദത്ത് വിഷയത്തിൽ പ്രാമാണികമായ ഗ്രന്ഥങ്ങളും പുറത്തിറക്കി. ഇന്നോ? രണ്ടു മുജാഹിദ് സംഘടനകളും നാലു ദിവസം വീതം രാപ്പകൽ അനേകമനേകം സെഷനുകളുമായി ഗംഭീര സംസ്ഥാന സമ്മേളനങ്ങൾ നടത്തിയല്ലോ ചങ്ങരംകുളത്തും പനമരത്തും. ഏതെങ്കിലുമൊരു സെഷനിൽ ഇബാദത്ത് ചർച്ചാ വിഷയമാക്കാതിരുന്നതെന്തേ? ജമാഅത്തിനോടുള്ള അനുഭാവം കൊണ്ടായിരുന്നോ? അല്ലെങ്കിൽ ഇബാദത്തിന്റെ വിവക്ഷ ആരാധന മാത്രമാണെന്ന് ജമാഅത്ത് സമ്മതിച്ചതുകൊണ്ടോ? അല്ലെന്ന് വ്യക്തം. പിന്നെയോ, ലോകമുസ്ലിം പണ്ഡിതന്മാരിൽ ഒരാൾപോലും സയ്യിദ് മൗദൂദിയെ തിരുത്താത്ത ഒരു വിഷയത്തിൽ തങ്ങൾക്ക് പറ്റിയത് അബദ്ധമാണെന്ന് മുജാഹിദ് മൗലവിമാർ പരോക്ഷമായി സമ്മതിക്കേണ്ടിവന്നിരിക്കുന്നു. അതിനാൽ ആ വിവാദവും അവർ നിശ്ശബ്ദമായി ഉപേക്ഷിച്ചിരിക്കുന്നു.

എന്നാൽ വസ്തുത എന്താണ്? ആദ്യം മുതൽ കൈരളി ടി.വിയും, പിന്നീട് മനോരമ ന്യൂസും കവർ ചെയ്തതാണ് ചങ്ങരംകുളത്ത് നടന്ന മുജാഹിദ് സമ്മേളനം. അതിൽ നടന്ന ആദർശ സമ്മേളനത്തിലാണ്, മൗലവി ഷംസുദ്ദീൻ പാലത്ത്, ഇബാദത്തിൽ ജമാഅത്ത് വരുത്തിയിട്ടുള്ള കൃത്രിമം വ്യക്തമായി അവതരിപ്പിച്ചത്. ആ പ്രോഗ്രാമിന്റെ സി. ഡി. മററു പ്രോഗ്രാമുകളുടേത് പോലെ അപ്പോൾ തന്നെ സമ്മേളന നഗരിയിൽ ലഭ്യമാക്കിയതുമാണ്. എന്നിട്ടും മുജീബ് എഴുതി വിടുന്നത്, ജമാഅത്തിനോടുള്ള അനുഭാവം കൊണ്ടാണോ, ഇബാദത്ത് വിഷയത്തിലുള്ള ചർച്ച മുജാഹിദുകൾ അവസാനിപ്പിച്ചത് എന്നാണ്. നേരിട്ടും, ടി. വിയിലൂടേയും ജനനക്ഷങ്ങൾ ശ്രവിച്ച ഒരു പ്രോഗ്രാമിനേയാണ് മുജീബ് ഇതിലൂടെ തമസ്കരിച്ചിരിക്കുന്നത്. കള്ളം വളരെ തന്മയത്വത്തോടെ അടിച്ചിറക്കുന്ന യഥാർത്ഥ ജമാഅത്ത് ശൈലിയാണ് ഇവിടെ കണ്ടത്. ഒരു ഇസ്ലാമിക പ്രസിദ്ധീകരണം സ്വീകരിക്കേണ്ട ശൈലിയിലാണോ പ്രബോധനം എഴുതുന്നത്.

ഇസ്ലാമികം പോകട്ടെ, മാന്യമായ പത്രധർമ്മമെങ്കിലും അത് നോക്കണമായിരുന്നു. മുൻ സമ്മേളനങ്ങളെ അപേക്ഷിച്ച് വളരെ പ്രചാരം ലഭിച്ച സമ്മേളനമാണ് ചങ്ങരംകുളത്ത് നടന്നത്. അതിലെ പരിപാടികൾ അധികവും ദൃശ്യമാധ്യമങ്ങൾ സംപ്രേഷണം ചെയ്തതിനാൽ എല്ലാവിഭാഗം ആളുകൾക്കും കാണാൻ സാധിച്ചതാണ്. എന്നിട്ടു പോലും ഇപ്രകാരം കള്ളമെഴുതുമ്പോൾ ജമാഅത്തിന്റെ ആദർശ പാപ്പരത്തം എത്രത്തോളമാണെന്ന് വ്യക്തമാകുന്നുണ്ട്. മററ് പ്രസിദ്ധീകരണങ്ങളോ, വാർത്താമാധ്യമങ്ങളോ ശ്രദ്ധിക്കാത്ത ഒരു സാധാ ജമാഅത്ത് പ്രവർത്തകനെ മാത്രമേ ഇത്തരം കള്ളങ്ങൾ കൊണ്ട്, സത്യം മനസ്സിലാക്കുന്നതിൽ നിന്ന് അകററി നിർത്താൻ കഴിയുകയുള്ളൂ. പ്രവാചകൻ (സ്വ) പഠിപ്പിച്ച രീതിയിൽ ഇബാദത്തിന് അർത്ഥം കൊടുത്തിരുന്നെങ്കിൽ, ഒരു അബദ്ധം മറക്കാൻ ഇത്തരത്തിലുള്ള കള്ളങ്ങൾ എഴുതി വിടുന്നതിൽ നിന്ന്

മാറിനിൽക്കാൻ ജമാഅത്തിനു കഴിയുമായിരുന്നു. ഇനിയും വൈകിയിട്ടില്ല. പ്രവാചക മാർഗത്തിലേക്ക് തിരിച്ചു വരികയും, ചെയ്ത് പോയ അബദ്ധങ്ങളിൽ പശ്ചാത്തപിച്ച് നിലപാട് നന്നാക്കുകയും ചെയ്താൽ സർവ്വശക്തൻ പൊറുത്തു തരും എന്ന് മാത്രമാണ് സൂചിപ്പിക്കുവാനുള്ളത്.

**ജമാഅത്തെ ഇസ്‌ലാമിയുമായി മുജാഹിദ് പ്രസ്ഥാനത്തിന് ആദർശപരമായ എതിർപ്പുകൾ തന്നെയാണ് ഉള്ളത്. മുജാഹിദുകളും ജമാഅത്തുകാരും തമ്മിലുള്ള ആദർശപരമായ വ്യത്യാസം എന്താണ് എന്നും മതത്തിൻെറ പേരിൽ ജമാഅത്തെ ഇസ്‌ലാമി പല കാലങ്ങളിലും നടത്തിയ മാറിമറിയലുകൾ എന്താണ് എന്നും വിശദീകരിക്കാൻ മൗലവി ഹനീഫ് കായക്കൊടിയുടെ ക്ഷണം സ്വീകരിച്ച് മൗലവി ഷംസുദ്ദീൻ പാലത്ത് നടത്തിയ പ്രസംഗത്തിൻെറ പൂർണ്ണരൂപം താഴെ:**

“മുജാഹിദ് പ്രസ്ഥാനവും ജമാഅത്തെ ഇസ്‌ലാമിയും തമ്മിലുള്ള സുപ്രധാനമായ അന്തരങ്ങൾ എന്താണ് എന്നായിരുന്നു ചോദ്യം. പലേ നാട്ടിലും പൊതുവായി കുറേ മുമ്പുള്ള കാലങ്ങളിലും ജമാഅത്തുകളും മുജാഹിദുകളും തമ്മിൽ കാര്യമായ അന്തരങ്ങളൊന്നുമില്ല എന്നാണ് പലരും കരുതിപ്പോന്നിരുന്നത്. എന്നാൽ ഇന്ന് പകൽവെളിച്ചം പോലെ മുജാഹിദ് പ്രസ്ഥാനവുമായോ അഹ്‌ലു സുന്നത്തുമായോ അടുത്തു നിൽക്കാനോ യോജിക്കാനോ ഒരിക്കലും സാധിക്കാത്തവണ്ണം തികച്ചും അകലത്തിലാണ് ജമാഅത്തെ ഇസ്‌ലാമി അടിസ്ഥാനം മുതൽ അവരുടെ ആദർശം സ്വീകരിക്കുന്നത് എന്ന് കാണാൻ സാധിക്കും.

ഇതുപോലുള്ള മുജാഹിദ് പ്രസ്ഥാനത്തിൻെറ മഹാസമ്മേളന പന്തലുകൾക്കരികിൽ അവരുടെ പ്രസിദ്ധീകരണങ്ങളും പുസ്തകങ്ങളും വിൽക്കുന്ന ഏതെങ്കിലും പന്തലുകൾ പടുത്തുയർത്തുകയും അതേപോലെതന്നെ വേണമെങ്കിൽ മുജാഹിദ് സമ്മേളനത്തിന് ആശംസകൾ നേരുന്ന വല്ല ബാനറുകളും തൂക്കുകയും ചെയ്താൽ പലപ്പോഴും ചിലരെയെങ്കിലും തെറ്റിദ്ധരിപ്പിക്കാൻ സാധിച്ചേക്കും ഞങ്ങൾ വലിയ സൗഹൃദത്തിലാണ് എന്ന്. എന്നാൽ നിങ്ങൾക്കറിയാമോ ഇവിടെ സമസ്ത പ്രസ്ഥാനം ഏത് പ്രകാരമാണോ അടിസ്ഥാന വിഷയങ്ങളിൽ, തൗഹീദിൻെറ വിഷയങ്ങളിൽ പോലും ശരിയായ അഹ്‌ലു സുന്നത്ത് വൽജമാഅത്ത് മുജാഹിദുമായി വേറിട്ട് നിൽക്കുന്നത് അതേ രൂപത്തിൽ ഒരിക്കലും നമുക്ക് യോജിപ്പിക്കാൻ കഴിയാത്ത ഗുരുതരമായ അന്തരം ഈ പ്രസ്ഥാനവുമായി മുജാഹിദ് പ്രസ്ഥാനത്തിനുണ്ട് എന്ന് തിരിച്ചറിയുക.

ഒന്നാമതായി മുജാഹിദ് പ്രവർത്തകരിൽ രാഷ്ട്രീയ ശിർക്ക് ആരോപിക്കുകയാണ് ജമാഅത്ത് ഇസ്‌ലാമി പ്രവർത്തകർ ചെയ്തിട്ടുള്ളത്. ഈ പ്രസ്ഥാനത്തിൻെറ പ്രവർത്തനം സംഘടിതമായി പ്രവർത്തിച്ച ആദ്യകാലഘട്ടത്തിൽ തന്നെ, നമുക്കറിയാവുന്നത് പോലെ, ഒരിക്കൽ ബഹുമാന്യനായ ഉമർമൗലവി അദ്ദേഹം ഖുത്തുബ നിർവ്വഹിച്ചിരുന്ന കോഴിക്കോട് പട്ടാളപ്പള്ളിയിൽ ഖുത്തുബ നിർവ്വഹിക്കാൻ വേണ്ടി ആദ്യകാല പ്രസ്ഥാനത്തിൻെറ കൂടെ ഉണ്ടായിരുന്ന, പിൽകാലത്ത് ജമാഅത്തെ ഇസ്‌ലാമിയുടെ അമരക്കാരനായി മാറിയ മുഹമ്മദലി ഹാജിക്ക് അവസരം കൊടുക്കയുണ്ടായി. അദ്ദേഹം പഠാൻകോട്ട് പോയി മൗദൂദിയിൽ നിന്ന് ഈ പുത്തനാദർശം പഠിച്ചു വന്നതാണ്. അങ്ങനെ അവർ ഒരുമിച്ച് നടക്കുമ്പോൾ അദ്ദേഹം പറഞ്ഞു: മുജാഹിദ് പ്രസ്ഥാനത്തിൻെറ കേരളാ നദ്‌വത്തുൽ മുജാഹിദീൻെറ സ്ഥാപക പ്രസിഡൻറായ കാതിബ് മുഹമ്മദ് മൗലവിയെക്കുറിച്ച്, കെ.എം. മൗലവിയെക്കുറിച്ച് അദ്ദേഹം പറഞ്ഞു: ഇദ്ദേഹമൊന്ന് ഹിദായത്തിലായിരുന്നെങ്കിൽ എത്ര നന്നായിരുന്നു. ഉമർ മൗലവിയെ അത് ചിന്തിപ്പിച്ചു. മുജാഹിദ് പ്രസ്ഥാനത്തിൻെറ പണ്ഡിതൻമാരെ മുഴുവനും ഈ ഒരു നിലവാരത്തിൽ ജമാഅത്തിൻെറ നേതാക്കൻമാർ കണ്ടുപോരുന്നത് ചിന്തിപ്പിക്കാനിടയുണ്ടായി. അതായത് മുജാഹിദുകൾ ഹിദായത്തിൽ നിന്ന് ള്വലാലത്തിലേക്ക് വഴിമാറി. എന്താ പ്രശ്നം? രാഷ്ട്രീയരംഗത്ത് അവർക്ക് ശിർക്ക് സംഭവിച്ചിരിക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ ലോകത്തിന്നുവരേയും അഹ്‌ലുസുന്നത്തിവൽജമാഅത്തിൻെറ ആശയാദർശങ്ങൾ പഠിപ്പിക്കുന്ന ഗ്രന്ഥങ്ങളിലോ തഫ്സീറുകളിലോ ഇബാദത്തിന് പഠിപ്പിക്കപ്പെട്ട ആശയങ്ങൾക്ക് വിരുദ്ധമായി ലോകത്താദ്യമായി മൂന്നർത്ഥങ്ങൾ ഒരുമിച്ച് ചേർത്ത് പറഞ്ഞ് കൊണ്ട്. ലോകത്ത് ഈ ഭൂമിയിൽ, അല്ലാഹുവിൻെറ ഭൂമിയിൽ അല്ലാഹുവിൻെറ ഭരണം മാത്രമേ ഉണ്ടാകാവൂ, ഇസ്‌ലാമികേതര സർക്കാരിനെ അനുസരിച്ചാൽ അതു വഴി മുസ്‌ലിംങ്ങൾ മുശ്‌രിക്കുകളായിപ്പോകും, കാരണം ആ ഇബാദത്തിൻെറ ഏറ്റവും അടിസ്ഥാനപരമായ ഭാഗം അനുസരണമാണ് എന്ന് പഠിപ്പിച്ചു. അങ്ങനെ ആരാധന, അനുസരണം, അടിമത്വം എന്നിങ്ങനെ മൂന്നർത്ഥ പ്രയോഗം നൽകി അഹ്‌ലുസുന്നത്തു വൽജമാഅത്തിൻെറ ആശയാദർശങ്ങൾ അവർ മനസിലാക്കിയ തൗഹീദിൽ നിന്ന് (വ്യത്യസ്തമായി) ഇസ്‌ലാമിക തൗഹീദിൻെറ അടിത്തറ ലോകത്ത് മുസ്‌ലിം സമുദായത്തിൻെറ ഭരണം സ്ഥാപിക്കലാണ്, അല്ലാഹുവിൻെറ പ്രവാചകൻ നിശ്ചയിച്ചപ്രകാരം പ്രവാചകൻെറ കുടുംബത്തിൽ അലി കുടുംബത്തിൽ ഇമാമത്ത് സ്ഥാപിക്കലാണ് എന്ന ശീഈ പ്രസ്ഥാനത്തിൻെറ ഇമാമത്ത് വാദത്തോട് യോജിച്ച് ഹുകൂമത്തെ ഇലാഹി ഉണ്ടാക്കി തൗഹീദിൻെറ വിഷയത്തിൽ തന്നെ പിരിഞ്ഞു പോയവരാണ്.

തൗഹീദിന് അടിസ്ഥാനപരമായി മൂന്നാക്കി പറഞ്ഞാലും രണ്ടു വശങ്ങളാണ്. ഒന്ന് രാഷ്ട്രീയം അഥവാ ഇസ്‌ലാമിൻെറ ഭരണമുണ്ടാവുക. രണ്ട് അല്ലാഹുവിനെ മാത്രം വിളിച്ചു പ്രാർത്ഥിക്കുക ആരാധിക്കുക. ഇതിൽ രാഷ്ട്രീയം എന്ന വശം അടിത്തറയും അല്ലാഹുവിനെ മാത്രമേ ആരാധിക്കാവൂ, അവന് മാത്രമേ നേർച്ചവഴിപാടുകൾ അർപ്പിക്കാവൂ എന്നുള്ളത് മേൽപ്പുരയുമാണ് എന്നാണ് അബുൽ അഅ്‌ലാ മൗദൂദി തൻെറ ഗ്രന്ഥങ്ങളിലൂടെ സ്ഥാപിച്ചിട്ടുള്ളത്. ചുരുക്കിപ്പറഞ്ഞാൽ ഒരു ലോകത്ത് ഭരണം സ്ഥാപിതമാവാതെ അല്ലാഹുവെ മാത്രം വിളിച്ചു പ്രാർത്ഥിക്കാൻ സന്നദ്ധമായത് കൊണ്ട് തൗഹീദ് പുലരുകയില്ല എന്ന് പറഞ്ഞ് പ്രവാചകൻ (സ) വ്യക്തമായി പഠിപ്പിച്ച, കഴിഞ്ഞുപോയ മുഴുവൻ പ്രവാചകൻമാരും പഠിപ്പിച്ച തൗഹീദിനെ മാറ്റിത്തിരുത്തി അഹ്‌ലുസുന്നത്തിൻെറ മാർഗം ഉപേക്ഷിച്ച് ശീഈസത്തിൻെറ മാർഗത്തിലേക്ക് കാലെടുത്ത് വെച്ചവരാണ് ജമാഅത്തെ ഇസ്‌ലാമിക്കാർ. രണ്ടാമതായി ഇതിനുവേണ്ടി ക്വുർആനിൻെറ സാങ്കതിക ശബ്ദങ്ങൾ മുഴുവൻ തിരുത്തി ദീനെന്നു പറഞ്ഞാൽ state ആണ് അതേ പോലെ ഇബാദത്ത് എന്നുപറഞ്ഞാൽ ആ state ൻെറ ഭരണഘടനയെ അനുസരിക്കലാണ്. ശരീഅത്ത് എന്നു പറഞ്ഞാൽ ഭരണഘടനയാണ്, ഇബാദത്ത് എന്നാൽ അതിനുള്ള കേവലം ഭരണകൂടത്തെ അനുസരിക്കൽ മാത്രമാണ് എന്നിങ്ങനെ തുടങ്ങി ദീൻ, ഇബാദത്ത്, ഇലാഹ്, ഇലാഹ് എന്നാൽ കേവലം ഒരു ഭരണാധികാരി എന്ന നിലവാരത്തിലേക്ക് അമേരിക്കയുടെയും റഷ്യയുടെയും അതേ പോലെ

ജർമനിയുടെയും മറ്റു ലോകരാജ്യങ്ങളുടെയും ഒരു ഭരണാധികാരിയുടെ നിലവാരത്തിലേക്ക് പരമോന്നതനും പരമപരിശുദ്ധനുമായ സ്രഷ്ടാവിനെ തരം താഴ്ത്തി. റബ്ബുകളായി ഇത്തരം രാഷ്ട്രനേതാക്കളെ പരിചയപ്പെടുത്തുകയും, അത്കൊണ്ട് അവരെയൊന്നും റബ്ബാകാൻ വിട്ടുകൂടാ, ഭരണമാണ് ഒരാൾക്ക് റബ്ബാകാനുള്ള യോഗ്യത, അത്കൊണ്ട് ഇസ്ലാമിക ഭരണാധികാരിയേ ഉണ്ടാകാവൂ എന്ന രീതിയിൽ ദീൻ, ഇലാഹ്, ഇബാദത്ത് തുടങ്ങിയ പദങ്ങൾ അവർ രാഷ്ട്രീയമായ് ദുർവ്യാഖ്യാനിച്ചു. നമസ്കാരം, ചുരുക്കത്തിൽ 5 നേരത്തെ നമസ്കാരംകൊണ്ട് ഉദ്ദേശിക്കുന്നത് ചുരുങ്ങിയ ഒരു വൃത്തത്തിൽ ഭരണകൂടം നടത്താൻ സമൂഹത്തെ പ്രേരിപ്പിക്കുകയാണ് എന്നു പറഞ്ഞ് മുസ്ലിം യുവതയെ ഇബാദത്തുകളുടെ അർത്ഥത്തെ തീവ്രവാദത്തിലേക്ക് നയിക്കുന്ന ഒരു സംഗതിയായി പഠിപ്പിച്ചു. എത്രത്തോളമെന്നു ചോദിച്ചാൽ പള്ളിയിൽ കൊടുക്കുന്ന ബാങ്കിൻെറ അർത്ഥം, കൊടുക്കുന്നവനും അറിഞ്ഞുകൂടാ കേൾക്കുന്നവനും അറിഞ്ഞുകൂടാ. നിങ്ങൾ നോക്കൂ ജമാഅത്ത് ഇസ്ലാമി 1951 February ലക്കത്തിൽ അബുൽ അഅ്ലാ മൗദൂദി ബാങ്കിന് കൊടുക്കുന്ന ആശയത്തെ വിശദീകരിച്ചത് നിങ്ങൾക്ക് കാണാൻ കഴിയും. أشهد أن لا اله إلا الله ، لا اله إلا الله എന്നിങ്ങനെ പറഞ്ഞാൽ അല്ലാഹുവിൻെറ ഭൂമിയിൽ അല്ലാഹുവിൻെറ ഭരണമല്ലാതെ മറ്റൊന്നും അനുവദിക്കുകയില്ല. അത്കൊണ്ട് ബാങ്ക് കേൾക്കുന്നതോട് കൂടി ബാങ്കിൻെറ ആശയം അറിയാവുന്ന മുസ്ലിം സമൂഹത്തിൻെറ വാളുകൾ മുഴുവൻ ഉയരണം. മുസ്ലിംകളല്ലാത്തവർ മുഴുവൻ വിളറിയെടുത്ത് ഓടുകയും മുസ്ലിംകൾക്കെതിരെ ശത്രുതയുമായി ആയുധമെടുത്ത് മുസ്ലിംകൾക്ക് നേരെ കടന്നുവരുകയും വേണം. കാരണം ബാങ്കിൻെറ ശബ്ദം മുസ്ലിമല്ലാത്ത ആളുകളെ ക്ഷുദ്രജീവികളും, തേളുകളും സർപ്പങ്ങളുമായും മാറാനാണ് പ്രേരിപ്പിക്കേണ്ടത്. ചുരുക്കിപ്പറഞ്ഞാൽ ബാങ്കൊലി ഒരു യുദ്ധത്തിൻെറ വിളിയാളമാണ് എന്ന് പ്രഖ്യാപിക്കുകയും ഒരു നാട്ടിൽ ബാങ്കുയർന്നാൽ ആ ബാങ്കിൻെറ അർത്ഥം ആ നാട്ടിൽ മുസ്ലിമല്ലാത്ത ആരും ഉണ്ടാവാൻ പാടില്ല. ഇസ്ലാമിൻെറ അധികാരം ഉറപ്പിക്കണം. അബുൽ അഅ്ലാ മൗദൂദി തൻെറ ഉറുദു ഗ്രന്ഥങ്ങളിൽ എഴുതിയ ഈ ആശയം പച്ച മലയാളത്തിൽ പ്രബോധനം വാരികയിൽ വന്നിട്ടുള്ളതാണിതെന്ന് കാണുവാൻ സാധിക്കും. അതേ പോലെത്തന്നെ സ്വാഭാവികമായും ഈ ഒരജണ്ഡയിലേക്ക് പോയപ്പോൾ തീവ്രവാദം വളർത്തി.

ഇഖ്വാനി സഹയാത്രികനായ ഫഹ്മി ഹുവൈദിയെ പോലുള്ള ആളുകൾ 'അൽക്വുർആനു വസ്സുൽത്താൻ' എന്ന കൃതിയിൽ Indonesia മുതൽ Algeria വരെയുള്ള മുസ്ലിം തീവ്രവാദ പ്രസ്ഥാനങ്ങൾക്ക് ബീജാവാപം നൽകിയത് ജമാഅത്തെ ഇസ്ലാമിയുടെ ആചാര്യനായ അബുൽ അഅ്ലാ മൗദൂദി ആവിഷ്കരിച്ചുണ്ടാക്കിയ ഹുകൂമത്തെ ഇലാഹി എന്ന സിദ്ധാന്തമാണ് എന്നും സയ്യിദ് ഖുത്തുബിനെ പോലെയുള്ളവർ അത് അറബി ലോകത്തിന് പരിചയപ്പെടുത്തി എന്നും ഇറാനിൽ ഖുമൈനിയെപ്പോലെയുള്ള ആളുകൾ അത് നടപ്പിൽ വരുത്തിയെന്നുമാണ് ആ സഹയാത്രികരായ ആളുകൾ പോലും വ്യക്തമായി സമ്മതിച്ചിട്ടുള്ളത്. അതോടൊപ്പം നാലാമതായി അവർ ഇസ്ലാമിൻെറ സുന്നത്തിനെ അവഗണിച്ചു. അതേപോലെ ബിദ്അത്തുകൾ ന്യായീകരിക്കുകയും. അങ്ങനെ ഒരുപാട് വിഷയങ്ങളുണ്ട്. ഒരു കാര്യം മാത്രം ഞാൻ സൂചിപ്പിക്കുകയാണ്. 1992 മെയ് ലക്കം പ്രബോധനം മാസികയിൽ വന്ന കാര്യം നിങ്ങൾ ശ്രദ്ധിക്കുക. ലോകത്തുള്ള മുഴുവൻ സലഫികളേയും ആക്ഷേപിച്ചുകൊണ്ട് അതേപോലെ അവരെ അവഹേളിച്ചുകൊണ്ട് അവരെഴുതുകയാണ് 1992 ജൂൺ 27 ലക്കം പ്രബോധനം. 'മുട്ടിന് താഴെ പെട്ടന്നവസാനിക്കുന്ന മിനിസ്കർട്ടും ഒരു കാലത്തും ബാർബറുടെ കരങ്ങൾ തലോടിയിട്ടില്ലാത്ത താടിരോമങ്ങളും ദന്തങ്ങളിൽ സദാ വിഹരിക്കുന്ന അറാക്കിൻെറ കൊള്ളിയും ഇവരെ വേർതിരിച്ചു നിർത്തുന്നു. സഹിഷ്ണുതയുടേയും വിട്ടുവീഴ്ച്ചയുടെയും ശത്രുക്കളായ ഈ സലഫീ മുതശദ്ദിദുകൾ ഏറ്റവും ഒടുവിൽ ഏർപ്പെട്ടിരിക്കുന്നത് നമസ്കാരത്തിൻെറ തശഹ്ഹുദിൽ ചൂണ്ടുവിരൽ ഇളക്കണമോ വേറുതെ നിറുത്തണമോ എന്ന വിവാദത്തിലാണ്. നമസ്കാരത്തിൽ കൈ നെഞ്ചിനുമീതെ തന്നെ വേണമെന്നുള്ളതും അലംഘനീയമാണ്'. നിങ്ങൾ നോക്കൂ ഒരൊറ്റ വാചകത്തിൽ എത്ര പവിത്രമായ സുന്നത്തിനെയാണ് അവർ അവഗണിച്ചിരിക്കുന്നത്. ആരെങ്കിലും പ്രവാചകരിൽ നിന്ന് ഒരു വിഷയത്തിൽ തെളിവ് ബോധ്യപ്പെട്ട് അതിന് എതിരായാൽ അവരെ പാട്ടിനു വിടുമെന്നും നരകത്തിൽ കരിച്ചു കളയുമെന്നും വിശുദ്ധ ക്വുർആൻ ഖണ്ഡിതമായി താക്കീതു നൽകിയിട്ടു പോലും പ്രവാചകൻെറ ചര്യ പിന്തുടരാനും അത് പ്രചരിപ്പിക്കുവാനും നിഷ്കർഷ പുലർത്തുന്ന സലഫികളായ ആളുകളെ പരിഹസിക്കുമ്പോൾ യഥാർത്ഥത്തിൽ പ്രവാചകനെയാണ് പരിഹസിക്കുന്നത്. അതേപോലെതന്നെ സുന്നത്തുകളെ പരിഹസിക്കുന്നതോടൊപ്പം ബിദ്അത്തുകളെ ന്യായീകരിക്കുന്നതും ഞാൻ വിശദീകരിക്കേണ്ടതില്ല. ജമാഅത്തെ ഇസ്ലാമിക്കാരുടെ പ്രസിദ്ധീകരണങ്ങളിലും അവരുടെ ആരാധനാലയങ്ങളിലും പരിശോധിച്ചാൽ കാണാം. നിരവധി ബിദ്അത്തുകളെ അവർ മഹത്വവത്കരിക്കുകയും നടപ്പിൽ വരുത്തുകയും അതിനെതിരായ പ്രവാചകരിൽ നിന്ന് മാറിനിൽക്കുകയും ചെയ്തു.

അതേപോലെ പ്രവാചകൻമാരുടെ ദൗത്യം തിരുത്തി. അതാണ് ജമാഅത്ത് ഇസ്ലാമി അഹ്ലു സുന്നത്തുമായും മുജാഹിദ് പ്രസ്ഥാനമായും വേറിട്ടു നിൽക്കുന്ന പ്രധാന വിഷയം. മുഴുവൻ പ്രവാചകൻമാരേയും എന്തിനുവേണ്ടി പറഞ്ഞയച്ചു? വിശുദ്ധ ക്വുർആൻ പറഞ്ഞിട്ടുണ്ട്: ഞാനല്ലാതെ ആരാധനക്കർഹനായി ആരുമില്ല. അത് കൊണ്ട് എന്നെ മാത്രമേ ആരാധിക്കാവൂ. ഇബാദത്ത് അല്ലാഹുവിന് മാത്രമായിരിക്കണം. ദുആ അല്ലാഹുവോട് മാത്രമായിരിക്കണം. ഈ ആശയം പഠിപ്പിക്കാനാണ് പ്രവാചകൻമാർ വന്നത്. فذكر إنما أنت مذكر ، لست عليهم بمسيطر നിങ്ങൾ ഉത്ബോധനം നടത്തുക, തീർച്ചയായും താങ്കൾ ഉത്ബോധകൻ മാത്രമാണ്, ഒരിക്കലും അധികാരം ചെലുത്തേണ്ടവരല്ല. അധികാരപരമായ ആശയങ്ങൾ പറയേണ്ടവർ അല്ല. പ്രവാചകൻ നരകമോചനത്തിൻെറയും സ്വർഗപ്രവേശനത്തിൻേറയും വഴി തെളിവുകളും ഉദ്ധരിച്ചുകൊണ്ട് അതിലേക്ക് ക്ഷണിക്കേണ്ട ജോലിയാണ് പ്രവാചകൻമാർക്ക്. പ്രവാചകൻമാരുടെ പ്രബോധനം എന്ന ഈ മഹത്വമായ ദൗത്യത്തെ അട്ടിമറിക്കുകയും മുഴുവൻ പ്രവാചകൻമാരുടെയും അടിസ്ഥാനപരമായ ലക്ഷ്യം എന്താണ്, അത് ഈ ലോകത്ത് ഹുകൂമത്തെ ഇലാഹി സ്ഥാപിക്കലാണ് എന്ന് പറഞ്ഞ്കൊണ്ട് പ്രവാചകൻമാരുടെ ദൗത്യം തിരുത്തി. ജനങ്ങളെ സംഘടിപ്പിക്കുക, ആയുധം എടുക്കുക, എന്നിട്ട് യുദ്ധത്തിലേക്ക് സ്വഹാബത്തിനെ സജ്ജമാക്കി കൊണ്ടുവരിക. "അമ്പിയാ അലൈഹിസ്സലാം കെ മുൻതഹാ യേ റുഖ്സൂദ് ഹുമൂമത്തെ ഇലാഹി ഹം കായിം കർനേകീ……" മുഴുവൻ പ്രവാചകൻമാരുടെയും അടിസ്ഥാന ലക്ഷ്യം ഈ ഭൗതിക ലോകത്ത് ഭരണം ഉണ്ടാക്കലാണെന്ന് പറഞ്ഞുകൊണ്ട് പ്രവാചകൻമാരെ വിപ്ളവക്കാരും തീവ്രവാദത്തിൻെറ വക്താക്കളുമായി

പരിചയപ്പെടുത്തി. അതോടൊപ്പം ദഅ്‌വത്തിൻെറ മൻഹജ് അതിൻെറ മുൻഗണന അവർ തെറ്റിച്ചു. പ്രബോധകൻമാർ നരക മോചനത്തിൻെറ അടിസ്ഥാനവിഷയങ്ങൾ ഇവിടെ ഈ സമ്മേളന നഗരിയിലും ഈ ആദർശ സമ്മേളനത്തിലും പ്രാധാന്യം കൊടുത്ത് പഠിപ്പിച്ചത് പോലെ ശരിയായ നരകമോചനത്തിൻെറ വഴി അതിൻെറ തുടക്കം മുതൽ പഠിപ്പിക്കേണ്ടതിന് പകരം ഇസ്‌ലാമിൻെറ മഹത്തായ സന്ദേശവും ഇസ്‌ലാമിൻെറ കരുണാർദ്രമായ അതിൻെറ കാരുണ്യത്തിൻെറയും സമാധാനത്തിൻെറയും ആദർശവും സമൂഹത്തിൽ പരിചയപ്പെടുത്തേണ്ട ചെറുപ്പക്കാർ അവരെ സംഘടിപ്പിച്ച് കൊണ്ട് അവരെ കയ്യിലേക്ക് രാഷ്ട്രീയ അജണ്ഡ ഇട്ട് കൊടുക്കുകയും ഭൗതിക അജണ്ഡ ഇട്ട് കൊടുക്കുകയും ശത്രുക്കൾക്ക് എതിരെ പോരാടി ഹുകൂമത്തിലാഹിയുടെ അജണ്ഡയിലേക്ക് തീവ്രവാദ പ്രവർത്തനങ്ങളിലേക്ക് നയിക്കുകയും ചെയ്തു. അങ്ങനെ ദഅ്‌വത്തിനെ അട്ടിമറിച്ചു. അതോടൊപ്പം ശീഈ വിശ്വാസങ്ങളുടെ അനുരജ്ഞനം പുലർത്തിക്കൊണ്ട് സ്വഹാബത്തിനെ അവഹേളിക്കുന്ന ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചു. അതേ പോലെതന്നെ സ്വഹാബത്തിനെ അവഹേളിപ്പെടുത്തുകയും അപകീർത്തിപ്പെടുത്തുകയും ഖുർആനിനെയും സുന്നത്തിനെയും പോലും തള്ളുകയും ചെയ്യുന്ന ശിആക്കളെ ന്യായീകരിക്കുകയും അവരെ മഹത്വവത്കരിക്കുകയും ഇറാനിലാണ്, ഏറ്റവും അവഹേളിക്കുന്ന ജൂതചിന്ത ഏറ്റവും കൂടുതൽ പ്രചരിപ്പിക്കുന്ന ഇറാനിലാണ്, ഇസ്‌ലാമിക നൻമയുള്ളത് എന്ന് പ്രചരിപ്പിച്ചുകൊണ്ട് ഇറാനിൻെറ വക്താക്കളായി മാറി ജൂതരാഷ്ട്രീയ മാർഗങ്ങളോട് താത്പര്യം കാണിക്കുകയാണ്.

ഏറ്റവും ഒടുവിൽ, അത്തരം മൗദൂദിയുടെയും സയ്യിദ് ഖുത്തുബിൻെറയും ആദർശം സ്വീകരിച്ചവരെ കുറിച്ച് ഐക്യത്തിൻെറ പേരിൽ ഭിന്നത നിലനിർത്തുന്നവരാണ് എന്ന് അല്ലാമാ നാസറുദ്ദീൻ അൽബാനിയെ പോലുള്ളവർ അദ്ദേഹത്തിൻെറ സിൽസിലത്തുൽ ഹുദാ വന്നൂർ എന്ന പ്രഭാഷണ പരമ്പരയിൽ വ്യക്തമാക്കിയിട്ടുണ്ട്. അതായത് അവർ എപ്പോഴും ഐക്യം ഐക്യം എന്നു പറയും. മുസ്‌ലിംങ്ങളും വിവിധ സംഘടനകൾ കൊണ്ട് എല്ലാവരും ഐക്യപ്പെടണം. എന്നാൽ യഥാർത്ഥത്തിൽ മുസ്‌ലിം ഐക്യമാണൊ ഇവിടെ ലക്ഷ്യം. അല്ല. ഐക്യം എന്നത് കൊണ്ട് ഇവർ ഉദ്ദേശിക്കുന്നത് ആദർശപരമായ ഐക്യം അല്ല. സമുദായപരമായ ഐക്യം വേണം. എന്തിന്? അധികാരത്തിന് ശക്തി വേണം. അത് കൊണ്ട് ആ നിലക്കുള്ള കേവലം ഭൗതികമായ, ശാരീരികമായ ഐക്യം മാത്രമേ അവർ ഉദ്ദേശിക്കുന്നുള്ളൂ. ഇസ്‌ലാം ഐക്യത്തിന് തന്നെയാണ് വന്നത്. ഐക്യത്തിൽ തന്നെയാണ് ഉള്ളത്. പക്ഷെ ആദർശത്തിൻെറ പേരിലാണ് ഐക്യം. ജമാഅത്ത് ഇസ്‌ലാമി ആദർശപരമായ ഐക്യം ഇഷ്ടപ്പെടുന്നില്ല. അത്കൊണ്ട് ആദർശത്തിൽ അകന്നുകൊണ്ട് കക്ഷികളായി പിരിയുന്നവരെ പ്രമാണങ്ങൾ ഉദ്ധരിച്ച് തനതായ ആദർശത്തിലേക്ക് തിരിച്ചുദ്ധരിക്കുന്നവരെ അവർ പരിഹസിക്കുകയും ആദർശം മറച്ചുവെച്ച് കൊണ്ട് കേവലം സമുദായത്തിലൂന്നിയ ഭൗതിക ഐക്യത്തിന് പ്രാധാന്യം കൊടുക്കുകയും ചെയ്യും. ഫലമെന്താണ്? സമുദായം ഒരുമിച്ച് നിൽക്കും. ആദർശമറിയാത്തത് കൊണ്ട് ഓരോരുത്തരും വിവിധ വിശ്വാസങ്ങളും ആചാരങ്ങളും ആയിരിക്കും. അതായത് ഫലം ഐക്യത്തിൻെറ പേരിൽ ഭിന്നതയാണ് ഈ സമൂഹത്തിൽ നിലനിൽക്കുന്നതെന്നർത്ഥം.

അതോടൊപ്പം, ഈ ആദർശത്തിൽ അവർക്ക് ഭിന്നതയുണ്ടായത് കൊണ്ട് അവരുടെ നയനിലപാടുകൾ പരിശോധിച്ചുനോക്കൂ. അവർ രൂപീകൃതമായ കാലഘട്ടം മുതൽ ഉടനീളം അവർ സ്വീകരിച്ചുപോന്ന കാര്യം. ഇന്ത്യൻ സ്വാതന്ത്ര്യ സമരം സജീവമായി നിലനിൽക്കുന്ന കാലത്താണ് അബുൽ അഅ്‌ലാ മൗദൂദിക്ക് ചിന്തയുണ്ടായത്. അന്ന് സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുക്കുന്നത് പോലും, അതിനു വേണ്ടി തൂലിക ചലിപ്പിക്കുന്നതും, ഖണ്ഡനമേൽക്കുന്നതും, ജയിലിൽ പോകുന്നതും ഹറാമാണ്, ഹറാമാണ്, ഹറാമാണ്. ലാത്ത പോയി മനാത്ത വന്നു എന്ന വ്യത്യാസമേയുള്ളൂ എന്ന് പറഞ്ഞ്കൊണ്ട് സ്വാതന്ത്ര്യ സമര കളരിയിൽ നിന്ന് ജമാഅത്തെ ഇസ്‌ലാമി നേതാക്കൻമാർ മുസ്‌ലിം സംഘത്തെ പിറകിൽ നിന്ന് വലിക്കുകയാണ് ചെയ്തത്. കലാലയങ്ങളെ കൊലാലയങ്ങൾ എന്ന് പ്രഖ്യാപിച്ച് കൊണ്ട് ഭൗതികമായ നിലവാരത്തിൽ ഇസ്‌ലാം അനുവദിക്കുന്ന അതിൻെറ മഹത്വം ഉൾകൊണ്ട് കൊണ്ട് ഉന്നതിയിലേക്ക് വരുന്നതിന് അവർ വിവാദമായി നിന്നു. ഇന്ത്യാരാജ്യത്ത് ബ്രിട്ടീഷ്കാർ പോയാൽ ജനാധിപത്യം വരുന്നതാണ് രാഷ്ട്രത്തിന് നല്ലത്, ഇസ്‌ലാമിനും നല്ലത് എന്ന കാര്യത്തിൽ ഒരു കുട്ടിക്ക് പോലും സംശയമുണ്ടായിരുന്നില്ല. എന്നാൽ അബുൽ അഅ്‌ലാ മൗദൂദി പറഞ്ഞത് ഇവിടെ ജനാധിപത്യം വരുന്നതിനേക്കാൾ ഞങ്ങൾ ഏറ്റവും ഇഷ്ടപ്പെടുന്നത് ഹൈന്ദവ ഭരണം വരുന്നതാണ് എന്നാണ്. അങ്ങനെ 'ഫാസിസ്റ്റുകളെ' ഈ ജനാധിപത്യക്രമത്തേക്കാൾ ന്യായീകരിക്കുകയും ജനാധിപത്യം ശിർക്കാണെന്നാരോപിച്ച് കൊണ്ട് മാറി നിൽക്കുകയും ചെയ്തു.

അപ്പോൾ നയനിലപാടുകളിൽ ഗുരുതരമായ പ്രവർത്തനങ്ങൾ പ്രവർത്തിച്ചത് കൊണ്ട് ആദർശപരമായ കാര്യത്തിൽ പരലോകത്ത് നിങ്ങൾക്ക് നഷ്ടം, ഭൗതികമായി, സാമുദായികമായി മുസ്‌ലിംങ്ങൾക്കും നഷ്ടം. ഇങ്ങിനെ ആത്മീയമായും ഭൗതികമായും മുസ്‌ലിം സമൂഹത്തെ മുച്ചൂടും പുറകോട്ട് വലിച്ച ഒരു പ്രസ്ഥാനം. ആദർശപരമായും ഭൗതികമായും മുസ്‌ലിം സമൂഹത്തെ അങ്ങേ അറ്റത്തെ ഉന്നതിയിലേക്ക് കൊണ്ട് വരാൻ പരിശ്രമിക്കുന്ന, ഇസ്‌ലാമിൻെറ പുറത്തുള്ള ആളുകൾക്ക് തെളിഞ്ഞ ഇസ്‌ലാമിൻെറ ആദർശം വ്യക്മതമായി പറഞ്ഞ് കൊടുക്കുന്ന മുജാഹിദ് പ്രസ്ഥാനം. ഇത് രണ്ടിനും എങ്ങനെയാണ് ഒരുമിച്ച് നിൽക്കാൻ സാധിക്കുക. അത്കൊണ്ട് തന്നെ തികച്ചും രാഷ്ട്രീയമായി ഇസ്‌ലാമിനെ വ്യാഖ്യാനിച്ച് കൊണ്ട് മാതരാഷ്ട്രീയ തീവ്രവാദ അജണ്ഡകളിൽ കടന്നു വരുന്ന പ്രസ്ഥാനങ്ങൾക്ക് ബീജാവാപം നൽകുക വഴി അഹ്‌ലു സുന്നത്തി വൽജമാഅത്തിൻെറ ആശയാദർശങ്ങളിൽ നിന്നകലുകയും ശീഈകളോട് ചേരുകയും ചെയ്തവരാണ് ജമാഅത്തെ ഇസ്‌ലാമി. മുജാഹിദ് പ്രസ്ഥാനം മറിച്ചാണ്. സകല അന്ധവിശ്വാസങ്ങളും അനാചാരങ്ങളും, അതേ പോലെ തന്നെ ബഹുദൈവാരാധനയ്ക്ക് തുല്ല്യമായ പ്രവർത്തനങ്ങളും ചൂണ്ടിക്കാണിച്ച് മഹിതമായ സ്വർഗപ്രവേശനത്തിൻെറയും നരകമോചനത്തിൻെറയും ആദർശം പഠിപ്പിക്കുന്നു. പ്രബോധനത്തിന് പ്രാധാന്യം കൊടുക്കുന്നു. പ്രവാചകൻ (സ) ദഅ്‌വാ രംഗത്ത് ഏത് കാര്യത്തിന് മുൻഗണന കൊടുത്തോ അതിന് പ്രാധാന്യം കൊടുക്കുന്നു. അത്കൊണ്ട് തന്നെ - ജമമുജകൾ എന്ന് യോജിപ്പിച്ച് ഒരു പക്ഷേ ഇവിടത്തെ സമസ്തക്കാരായ ആളുകൾ പറയാറുണ്ടെങ്കിലും - ജമാഅത്തെ ഇസ്‌ലാമി വേറെയാണ്, മുജാഹിദ് പ്രസ്ഥാനം വേറെയാണ് എന്നാണ് വ്യക്തമായി സൂചിപ്പിക്കാനുള്ളത്.''